**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2820 | 17.10.2016 ൽ മറുപടിക്ക്

## വാഴയൂർ പ്രാഥമികാരോഗ്യ കേന്ദ്രം

| ചോദ്യം<br>ശ്രീ.ടി. വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കൊണ്ടോട്ടി നിയോജകമണ്ഡലത്തിലെ വാഴയൂർ പ്രാഥമികാരോഗ്യ കേന്ദ്രം 24 മണിക്കൂറും പ്രവർത്തിക്കുന്ന വിഭാഗത്തിൽ ഉൾപ്പെടുന്നതാണോയെന്നു വ്യക്തമാക്കാമോ; | (എ) | വാഴയൂർ പി.എച്ച്.സി 24 x 7 പി.എച്ച്.സി വിഭാഗത്തിൽ ഉൾപ്പെടുന്നതാണ്. |
| (ബി) | ഈ വിഭാഗത്തിൽ ഉൾപ്പെടുന്നതാണെങ്കിൽ ഇവിടെ കിടത്തി ചികിത്സ ആരംഭിക്കുന്നതിന് വേണ്ടി ചെയ്ത കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (ബി) | വാഴയൂർ പി.എച്ച്.സി.യിലെ കിടക്കകളുടെ എണ്ണം 10 ആണ്. 10 കിടക്കകൾക്കനുസരിച്ച് ജീവനക്കാർ ഇപ്പോൾ അവിടെ നിലവിലുണ്ട്. ഈ പി.എച്ച്.സി.യെ 24 x 7 ആക്കി എങ്കിലും അതിനനുസരിച്ച് ജീവനക്കാരെ നിയമിച്ചിട്ടില്ല.<br>ഡോക്ടർമാരേയും, സ്റ്റാഫ് നഴ്സുമാരേയും മറ്റ് അനുബന്ധ ആശുപത്രി ജീവനക്കാരേയും അനുവദിക്കുന്നത് നിലവിലുള്ള കിടക്കകളുടേയും ലഭ്യമായ സേവന സൗകര്യങ്ങളുടേയും അടിസ്ഥാനത്തിലായിരിക്കും. 24 x 7 പി.എച്ച്.സി. ആയി പ്രവർത്തിപ്പിക്കണമെങ്കിൽ മിനിമം 5 ഡോക്ടർമാരും അതിനോടനുബന്ധ ജീവനക്കാരും ആവശ്യമാണ്. കൂടുതൽ സ്ഥാപനങ്ങളുടെ പദവി ഉയർത്തുക എന്നതിനേക്കാൾ വിവിധ വിഭാഗം ആരോഗ്യ സ്ഥാപനങ്ങളിൽ ഒരു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ ചികിത്സാ സൗകര്യങ്ങൾ ക്രമീകരിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ